TB Weekly Review
**#MoviePanel**

Gangubai Kathiawadi
Ott: Netflix

അരപതിറ്റാണ്ട് മുൻപ് ബോംബെയിലെ കാമാത്തിപുരയുടെ അധിപയായി വാഴുകയും അവിടെയുള്ള ആളുകളുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടുകയും ചെയ്ത gangubai karthiawadi യുടെ ജീവിതമാണ് ഈ സിനിമയിൽ പറയുന്നത്.2011ൽ പുറത്തിറങ്ങിയ ഹുസൈൻ സൈദിയുടെ Mafia Queens of Mumbai എന്ന പുസ്തകത്തെ അടിസ്ഥാനമാക്കിയാണ് സഞ്ജയ് ലീല ബൻസാലി ഈ സിനിമ ഒരുക്കിയിരിക്കുന്നത്.

ഗുജറാത്തിലെ ഒരു വലിയ കുടുംബത്തിൽ ആയിരുന്നു ഗംഗയുടെ ജനനം, അച്ഛൻ ആ നാട്ടിലെ പ്രശസ്തനായ ഒരു അഭിഭാഷകനും. സിനിമയോടും അഭിനയത്തോടുമുള്ള ആ പതിനാറുകാരിയുടെ ഭ്രമത്തെ, അച്ഛന്റെ കീഴിൽ ജോലി ചെയ്യുന്ന ഒരു ചെറുപ്പക്കാരൻ ഉപയോഗപെടുത്തി. സിനിമയിൽ അഭിനയിക്കാൻ എന്ന് പറഞ്ഞു പ്രലോഭപ്പിച്ചു അവളെ കാമാത്തി പുരയിൽ കൊണ്ട് വിൽക്കുകയാണ് അയാൾ ചെയ്തത്. സാഹചര്യങ്ങളേയും പീഡനങ്ങളെയും അതിജീവിച്ച് ഗംഗ ഉയർന്നു വന്നു, വെറുമൊരു വേശ്യ സ്ത്രീ എന്നതിൽ നിന്ന് എല്ലാവരും എഴുന്നേറ്റു നിന്ന് ബഹുമാനിക്കുന്ന ഗംഗു ഭായിയായി അവർ മാറി ... കാമാത്തിപുരയിലെ സ്ത്രീകളുടെയും കുട്ടികളുടേയും ക്ഷേമത്തിനായി തന്റെ മരണം വരെ അവർ പോരാടി..

ഗംഗു ഭായിയായി ആലിയ ഭട്ട് തകർത്ത് അഭിനയിച്ചപ്പോൾ, 2-3 മൂന്നോ സീനിൽ മാത്രം അഭിനയിച്ചു കയ്യടി വാങ്ങാൻ അജയ് ദേവ്ഗനിന്റെ കരിം ലാലക്കു കഴിഞ്ഞു. മനോഹരമായ ഛായാഗ്രഹണവും സംഗീതവും ഈ സഞ്ജയ് ലീല ബൻസാലി പടത്തിലും മാറ്റ് കൂട്ടുന്നു.